# മംഗലവാർത്താക്കാലം

## വചന വിചിന്തനം

### നാലാം ഞായർ

**മത്താ 1,18-25**

**21/12/2014**

"ഭക്തികൊണ്ട് നീതിയെ വിഴുങ്ങുവാനുള്ള പ്രവണത
അധികമായിരിക്കുന്ന ഇക്കാലത്ത് നീതികൊണ്ട് ജീവിതത്തെ
സുകൃതസമ്പന്നമാക്കുന്നവന്റെ പേരാണ് ജോസഫ്"

ചരിത്രം എന്നും ഔസേപ്പിതാവിനോട് അനീതി മാത്രമെ കാണിച്ചിട്ടുള്ളു. കാരണം, കേവലം 13 വയസ് മാത്രം പ്രായമുണ്ടായിരുന്ന മറിയം എന്ന കന്യകയെ വിവാഹം കഴിക്കുന്ന ഔസേപ്പിതാവിനെ ചരിത്രക്കാരൻമാരും ചിത്രക്കാരൻമാരും ചിത്രീകരിച്ചിരിക്കുന്നത് തൊലികൾ ചുക്കിചുളിഞ്ഞ്, നടക്കാൻപ്പോലും ആരോഗ്യമില്ലാതെ വടിയുടെ സഹായത്താൽ ജീവിതത്തെ മുന്നോട്ട് നയിക്കുന്ന ഒരു വ്യക്തിയായിട്ടാണ്. ദേവാലയത്തിൽ വളർന്ന മറിയം എന്നുള്ള യുവതിയുടെ ഭർത്താവായി ദൈവത്തിന്റെ ഇടപ്പെടൽ എന്നതിന്നേക്കാൾ ഉപരിയായി മറിയത്തിന്റെയും ജോസഫിന്റെയും ബന്ധുമിത്രാദികളാണ് ഇവരെ ഒന്നു ചേർക്കുന്നത്. എങ്കിൽ, പതിമൂന്ന് വയസ്ക്കാരിക്ക് തീർച്ചയായും വരനായ് കണ്ടെത്തിയ ജോസഫിന് പ്രായം ഒരിക്കലും 20 ൽ കൂടാൻ ഇടയില്ല! ഇപ്രകാരമുള്ള ഔസേപ്പിതാവിനെ വയോവൃദ്ധനായി ചിത്രീകരിക്കുന്നത് തീർത്തും അപലപനീയം തന്നെയാണ്.

എങ്കിലും, ഇതിലും ദൈവത്തിന്റെ കരുതലുള്ള കരങ്ങൾ ദർശിക്കാൻ സാധിക്കും. ഏറ്റവും സുന്ദരിയായ മറിയം എന്നുള്ള പെൺകുട്ടിക്ക് വയോവൃദ്ധനായ ജോസഫ് എന്നുള്ള വ്യക്തിയെ ഭർത്താവായി ചിത്രികരിക്കുന്നുണ്ടെങ്കിൽ അതിനൊരു കാരണം ഉണ്ട്. ആ കാരണത്തിന്റെ പേരാണ് "മറിയത്തിന്റെ നിത്യ കന്യകാത്വം." മറിയത്തിന്റെ നിത്യ കന്യകാത്വത്തിന് ഭംഗം വരുത്താതിരിക്കുന്നതിന് വേണ്ടിയാണ് ജോസഫിനെ വയോവൃദ്ധനായി ചരിത്രക്കാരൻമാരും ചിത്രക്കാരൻമാരും ചിത്രികരിച്ചിരിക്കുന്നത് എന്ന് വേണം നിനയ്ക്കാൻ.

ജോസഫിനെ കുറിച്ചുള്ള ഏറ്റവും നല്ല വിവരണം നൽകിയിട്ടുള്ള സുവിശേഷകൻ വി.മത്തായിയാണ്. സുവിശേഷങ്ങളിൽ വച്ച് നാം കാണുന്ന ഏറ്റവും നല്ല വിശേഷണങ്ങളിൽ ഒന്ന് "അവൻ നീതിമാനായിരുന്നു" എന്നതാണ്. ഈ വിശേഷണം സ്വന്തമാക്കിയിരക്കുന്നത് ഈശോയുടെ വളർത്തുപിതാവായിരുന്ന ജോസഫാണ്. ഈ വിശേഷണം ജോസഫിന് നൽകുന്നതായി ചിത്രീകരിച്ചിരിക്കുന്നത് സുവിശേഷകനായ വി.മത്തായിയാണ് (മത്താ 2,19). സുവിശേഷകൻമാർ എല്ലാവരും തങ്ങളുടെ സുവിശേഷമെഴുതിയിരിക്കുന്നത് ഓരോ സമൂഹത്തിന് വേണ്ടിയാണ്. എന്നാൽ, ഇവിടെ മത്തായി തന്റെ സുവിശേഷമെഴുതുമ്പോൾ തന്റെ സമൂഹം അഭിമുഖീകരിക്കുന്ന ഒരു സാമൂഹിക പ്രശ്നത്തിന് ഉത്തരമായിട്ടാണ് വി.ജോസഫിനെ അവതരിപ്പിക്കുന്നത്. വി.മത്തായിയുടെ സഭയെന്ന് പറയുന്നത് നിയമാനുഷ്ഠാനത്തിൽ നിർബന്ധബുദ്ധിയോടുകൂടി വള്ളിയും പുള്ളിയും വിടാതെ അനുസരിക്കണം എന്ന് ശാഠ്യം പിടിക്കുന്ന യഹുദരുടെ ഭൂരിപക്ഷമുള്ള ഒന്നാണ്. ഈ സഭയിൽ തീർച്ചയായും പഴയനിയമത്തിന്റെ കാർക്കശ്യസ്വഭാവമുള്ള നിയമബോധവും പുതിയ നിയമത്തിന്റെ കാരുണ്യത്തിന്റെ കാഴ്ച്ചപ്പാടും തമ്മിലുള്ള അന്തരം വളരെയായിരുന്നു. ഈ പ്രതിസന്ധിക്ക് ഉത്തരമായി മനുഷ്യന്റെ മഹത്വത്തിന് പ്രാധാന്യം നൽകി അവന്റെ കുറവുകളോടെ തന്നെ അവനെ സ്നേഹിക്കുന്നതാണ് നിയമാനുഷ്ഠാനത്തേക്കാൾ ശ്രേഷ്ഠം എന്ന് പഠിപ്പിക്കുന്നതിന് വേണ്ടിയാണ് ഒരേസമയം

പ്രതിസന്ധിക്കൾക്ക്
നടുവിൽ പതറാതെ
ദൈവത്തോട് ആലോചന
നടത്തിയവനാണ്
ജോസഫ്.
അതുവഴി വലിയ
അനുഗ്രഹത്തിന്
ജോസഫ് ഉടമയായി.
ദൈവത്തിന്റെ
വളർത്തുപിതാവാകാനുള്ള
വലിയ ഭാഗ്യം.
പ്രതിസന്ധികളിൽ അൾത്താ
രയിൽ അഭയം തേടുക...
അതുവഴി,
വലിയ ഭാഗ്യങ്ങൾക്ക്
കാരണമാവുക.

നിയമലംഘകനും അതേസമയം നീതിമായനുമായ ജോസഫിനെ സുവിശേഷകൻ അവതരിപ്പിക്കുന്നത്.

വിവാഹനിശ്ചയം കഴിഞ്ഞവർ വിവാഹിതരെപ്പോലെ കണക്കാക്കപ്പെടും. എന്നാൽ, വിവാഹേതരബന്ധങ്ങളെല്ലാം യഹൂദനിയമമനുസരിച്ച് വ്യഭിചാരത്തിന് തുല്ല്യമാണ്. ഇങ്ങനെ വിവാഹേതരബന്ധങ്ങളിൽ അകപ്പെടുന്നവരെ കല്ലെറിഞ്ഞ് കൊല്ലണം എന്നതാണ് യഹൂദനിയമം. വിവാഹനിശ്ചയം കഴിഞ്ഞ മറിയം എന്നുള്ള പെൺകുട്ടി ജോസഫിൽ നിന്നല്ല ഗർഭം ധരിച്ചിരിക്കുന്നത്. ഇങ്ങനെ ഗർഭം ധരിച്ച മറിയം എന്നുള്ള പെൺകുട്ടി സ്വാഭാവികമായും വധശിക്ഷയ്ക്ക്  അർഹയാണ്. ദാവീദിന്റെ വംശത്തിൽ പിറന്നിട്ടുള്ള ജോസഫ് എന്നുള്ള ചെറുപ്പക്കാരൻ നിയമത്തിൽ നിന്ന് അണുവിട ചലിക്കാത്തവനാണെങ്കിൽ മറിയത്തെ നിയമത്തിന് മുമ്പിൽ എത്തിക്കണമായിരുന്നു. എന്നാൽ, ജോസഫ് നിയമത്തെ അതിലംഘിക്കാൻ തിരുമാനിക്കുകയാണ്. അതിലൂടെ അവൻ മറിയത്തിന്റെ ജീവൻ രക്ഷിക്കുന്നു. "നിയമാനുഷ്ഠാനം നീതിയാണെങ്കിൽ, ചിലപ്പോൾ, നിയമലംഘനമേ നീതിയാകു" എന്ന സത്യം സുവിശേഷകൻ വ്യക്തമാക്കുന്നു. ഉദാഹരണത്തിന്, റോഡിന്റെ വലതുവശം ചേർന്നെ നടക്കാവു എന്ന് നിയമം അനുശാസിക്കുന്നു. ഇടതുവശം ചേർന്ന് വാഹനങ്ങളും. എന്നാൽ, സാഹചര്യവശാൽ ഇടതുവശം ചേർന്ന് നടക്കുന്നവന്റെ നെഞ്ചത്ത് വണ്ടി ചെന്ന് കയറ്റാം എന്ന് ഇതിനർത്ഥമില്ല. ഇവിടെ ക്രിസ്തു നമ്മളെ ഓർമ്മപ്പെടുത്തുന്നു, "ബലിയല്ല, കരുണയാണ് എനിക്കാവശ്യം." ഈ കരുണ ക്രിസ്തു വെളിപ്പെടുത്തുന്നതിന് മുമ്പ് സ്വജീവിതത്തിലൂടെ പ്രഘോഷിച്ച മഹാ വിശുദ്ധനാണ് വി. യൗസേപ്പിതാവ്.

വലിയ സ്വപ്നക്കാരനായിരുന്നു ജോസഫ്. സ്വപ്നത്തിനനുസരിച്ചേ അവൻ പ്രവർത്തിച്ചിട്ടുള്ളു. ജോസഫിന്റെ ജീവിതവിജയം 'ദൈവത്തെ സ്വപ്നം കാണാൻ പഠിച്ചു' എന്നുള്ളതാണ്. ദൈവത്തെ സ്വപ്നം കണ്ടവരാരും നിരാശരായിട്ടില്ല!

നീതിയുടെ മാനദണ്ഢങ്ങൾ സങ്കീർത്തന പുസ്തകത്തിൽ കുറിച്ചിട്ടുണ്ട്. 'നിഷ്കളങ്കമായി ജീവിക്കുന്നവൻ, ഹൃദയം തുറന്ന് സത്യം പറയുന്നവൻ, പരദൂഷണം പറയത്തവൻ, സ്നേഹിതനെ ദ്രോഹിക്കാത്തവൻ, അയൽക്കാരനെതിരായി അപരാദം പറയുകയോ പരത്തുകയോ ചെയ്യാത്തവൻ, ദുഷ്ടനെ പരിഹാസനായി കരുതുന്നവൻ, ദൈവഭക്തനോട് ആദരം കാണിക്കുന്നവൻ, നഷ്ടം സഹിച്ചും പ്രതിജ്ഞ നിറവേറ്റുന്നവൻ, കടത്തിന് പലിശ ഈടാക്കത്തവൻ, നിർദ്ദോഷിക്കെതിരെ കൈക്കൂലി വാങ്ങാത്തവൻ...' (സങ്കീ 15,1-5). ചുരുക്കത്തിൽ വാക്കും പ്രവർത്തിയും, പ്രാർത്ഥനയും ജീവിതവും, ആത്മീയതയും ഭൗതീകതയും തമ്മിലുള്ള ഇഴയടുപ്പമാണ് ഒരുവന്റെ നീതിബോധം. ഇത്തരം നീതിബോധം ഇന്ന് അന്യം നിന്ന് പോയിരിക്കുന്നു. ഭക്തി നീതിബോധത്തെ കാർന്ന് തിന്നുന്ന ഒരു സമകാലിക ലോകം. ഭക്തരാകാൻ എളുപ്പമാണ്. എന്നാൽ, നീതിയുടെ മാർഗ്ഗം ദുഷ്ക്കരവും. അതുകൊണ്ട് തന്നെ നീതിക്ക് പകരം പലപ്പോഴും ഭക്തിയാണ് അരങ്ങ് വാഴുന്നത്. കൊള്ള പലിശക്കാർ തിരുനാള് നടത്തി നീതിമാനാകുന്ന, മദ്യപൻമാരും മദ്യരാജാക്കൻമാരും സമൂഹവിവാഹം നടത്തി നീതിമാനാകുന്ന, മരുമകൾ നശിച്ച് പോകാൻ മുഴുവൻ സമയവും കൊന്ത ചൊല്ലി നീതിമാൻമാരാകുന്ന ഒരു കാലഘട്ടത്തിന്റെ പ്രതിധ്വനികൾ ഇവിടെയും അലയടിക്കുന്നുണ്ട്. ചുരുക്കത്തിൽ, നീതിമാനാകാൻ വില കൊടുക്കണം. താൻ വിശ്വസിച്ച മൂല്യങ്ങൾക്ക് വേണ്ടി വില കൊടുക്കാൻ തയ്യാറയത് കൊണ്ടാണ് മറിയത്തിന്റെ ഭർത്താവായ ജോസഫ് നീതിമാനായത്.

താൻ മൂലം തന്റെ ജീവിതത്തിന്റെ പാതിയായിട്ടുള്ള മറിയത്തിന്റെ കണ്ണിൽ നിന്ന് ഒരു തുള്ളി കണ്ണുനീർ പോലും അടർന്ന് വീഴുവാൻ ഇടയാകരുത് എന്നുള്ള നീതിബോധമാണ് ജോസഫിന്റെ ശ്രേഷ്ഠതയ്ക്ക് ആധാരം. ഈ വിശുദ്ധമായ വാശി ഈ കുടുംബത്തിലെ എല്ലാവർക്കും ഉണ്ടായിരുന്നു. അതുകൊണ്ട്, ആ കുടുംബത്തിന് നമ്മൾ "തിരുകുടുംബം" എന്ന പേർ നൽകി. കുടുംബങ്ങളെ തിരുകുടുംബമാക്കി തീർക്കുന്ന മനോഭാവവും ഇത് തന്നെയാണ്, "ഞാൻ മൂലം എന്റെ ജീവിതത്തിന്റെ പാതി വേദനിക്കരുത്... കണ്ണുനീർ പൊഴിക്കരുത്..."

പ്രശ്നങ്ങളൊന്നുമില്ലാതിരുന്ന കുടുംബമല്ല ജോസഫിന്റേതും മറിയത്തിന്റേതും. മറിച്ച്, ഒരു കുടുംബം തകരാൻ പാകത്തിനുള്ള പ്രശ്നങ്ങളെല്ലാം അരങ്ങേറിയ കുടുംബമായിരുന്നു ജോസഫിന്റേതും മറിയത്തിന്റേതും. വിവാഹത്തിന് മുമ്പ് ഭാര്യ ഗർഭിണിയായ് കാണപ്പെടുക, സ്വന്തം ഭാര്യക്ക് പ്രസവിക്കാൻ ഇടം കണ്ടെത്താൻ സാധിക്കാത്ത അവസ്ഥ, മകൻ ജനിച്ച് പരിച്ഛേതനം കഴിയും മുമ്പുതന്നെ വിപ്രവാസിയായ് അലയേണ്ടി വരുന്ന ഹതഭാഗ്യത, മകനെ പന്ത്രണ്ട് വയസ് പ്രായമായപ്പോൾ ദേവാലയത്തിൽ വച്ച് കാണാതെയാകുന്നു.... ഇങ്ങനെ പൊട്ടിതെറിക്കാൻ ഒരു പാട് കാരണങ്ങൾ ഉണ്ടായിരുന്ന ഒരു കുടുംബമായിരുന്ന ജോസഫിന്റേതും മറിയത്തിന്റേതും. എന്നിട്ടും, ആ കുടുംബം തകർന്ന് പോയില്ലെങ്കിൽ അതിന് ഒറ്റ കാരണമെയൊള്ളു, "നിയമത്തെ അതിലംഘിക്കുന്ന നീതിബോധം."

*ദൈവം സ്വപ്നത്തിൽ*
*ജോസഫിനോട് പറഞ്ഞു,*
*"ഉണ്ണിശോയ്ക്ക് വളർത്തു*
*പിതാവാകുക."*
*ചുരുക്കത്തിൽ,*
*ദൈവത്തിന് വേണ്ടി*
*സ്വന്തം സ്വപ്നങ്ങളെ*
*ബലി കഴിക്കുക!*
*ദൈവം ഇപ്പോഴും*
*നമ്മളോട്*
*ചോദിക്കുന്നുണ്ട്,*
*"എന്റെ സ്വപ്നങ്ങൾക്ക്*
*വേണ്ടി നിന്റെ*
*സ്വപ്നങ്ങളെ*
*ബലികഴിക്കാൻ*
*തയ്യാറാണോ?"*

വിജയിച്ച കുടുംബങ്ങളിലൊക്കെ പ്രശ്നങ്ങളുണ്ടായിരുന്നു. ഒപ്പം, പ്രതിസന്ധിക്കളും. സഹിച്ചും, ക്ഷമിച്ചും, പൊറുത്തും, പങ്കുവച്ചും കുടുംബം സ്നേഹത്തിൽ അധിഷ്ഠിതമായപ്പോഴാണ് കുടുംബങ്ങൾ തിരുകുടുംബങ്ങൾ ആയിട്ടുള്ളത്. ഒ.എൻ.വി - യുടെ മനോഹരമായിട്ടുള്ള കവിതായാണ് "ശാർങ്ഗ പക്ഷികൾ." അതിൽ, കുടുബത്തെ കുടുംബമാക്കി തീർക്കുന്നതിനെ കവി വർണ്ണിക്കുന്നത് ഇപ്രകാരമാണ്;

> "ഇനി നമ്മിലൊരാളിന്റെ നിദ്രയ്ക്ക്
> മറ്റെയാൾ കണ്ണിമ ചിമ്മാതെ
> കാവൽ നിന്നീടണം."

കുറവുകളെ നിറവുകളാക്കാനാണ് ജീവിതത്തിന്റെ പാതിയെ ഹൃദയത്തോട് ചേർത്ത് തുന്നിക്കെട്ടുന്നത്. "ഇന്ന് മുതൽ **മരണം** വരെ...." എന്നുള്ള വിവാഹ പ്രതിജ്ഞ "ഇന്നുമുതൽ **മകരം** വരെ..." എന്ന് മാറ്റുമ്പോഴാണ് ഹൃദയത്തോട് ചേർത്ത് തുന്നിക്കെട്ടിയിട്ടുള്ള പാതിയുടെ വക്ഷസ് കുത്തി നോവിക്കുന്നത്.

ശിശുവിന് "യേശു" എന്ന പേര് നൽകാൻ ദൈവദൂതൻ ജോസഫിനെ ചുമതലപ്പെടുത്തി (മത്താ 1,21). "യേശു" എന്നുള്ള പേര് വന്നിരിക്കുന്നത് "യഹോഷുവാ" എന്നുള്ള ഗ്രീക്ക് വാക്കിൽ നിന്നാണ്. ഈ പദത്തിന്റെ അർത്ഥം "ദൈവം രക്ഷിക്കുന്നു" എന്നതാണ്. എങ്കിൽ, ഈ പേര് അതിൽ തന്നെ സമ്പന്നമാണ്. കാരണം, എന്റെ ജീവിതത്തിന്റെ അപകടങ്ങളിലും, ആപത്ഘട്ടങ്ങളിലും "യേശു" എന്നുള്ള നാമം തന്നെ എന്റെ രക്ഷയ്ക്ക് നിതാനമായി ഭവിക്കുന്നു.

യഹൂദപാരമ്പര്യമനുസരിച്ച് കുഞ്ഞിന് പേരിടാനുള്ള അവകാശം പിതാവിനാണ്. ആ അവകാശം തന്നെയാണ് ജോസഫിന് ദൈവദൂതൻ സമ്മാനിക്കുന്നത്. എന്നാൽ, ഇവിടെ രണ്ട് കാര്യങ്ങൾ സമന്വയിക്കപ്പെടുകയാണ്. മനുഷ്യരുടെ കാഴ്ച്ചപ്പാടിൽ ദാവീദിന്റെ വംശത്തിൽ പിറന്ന ജോസഫിൽ നിന്ന് ഈശോ ജനിച്ചതിനാൽ ക്രിസ്തു 'ദാവീദിന്റെ മകനായും' അതേസമയം 'ദൈവത്തിന്റെ മകനായും' മാറ്റപ്പെടുന്നു. അങ്ങനെ, ക്രിസ്തു ഒരേ സമയം ദൈവപുത്രനായും മനുഷ്യപുത്രനായും അറിയപ്പെടുന്നു.

മറിയത്തെ ഉപേക്ഷിക്കാൻ തിരുമാനിച്ചിരുന്ന ജോസഫ് ദൈവഹിതം തിരിച്ചറിഞ്ഞപ്പോൾ ആ തിരുമാനത്തിൽ നിന്ന് തെന്നിമാറുന്നു. ജോസഫ് മറിയത്തെ ഉപേക്ഷിച്ചിരുന്നെങ്കിൽ ഈശോയെ അദ്ദേഹത്തിന് നഷ്ടമായേനെ. ഇത് ഇന്നും സമൂഹത്തിൽ നടമാടുന്നുണ്ട്, 'മറിയത്തെ ഉപേക്ഷിച്ച്, ക്രിസ്തുവിനെ ഉയർത്തിപ്പിടിക്കുന്നവർ.' ഇത് കപടതയാണ്. ഇത് കപടതയാണ്, "മറിയത്തെ ഉപേക്ഷിക്കുന്നവർ ക്രിസ്തുവിനെയാണ് ഉപേക്ഷിക്കുന്നത്." ദൈവത്തെ സ്വന്തമാക്കുന്നവർ ദൈവമാതാവിനെ സ്വന്തമാക്കുന്നു.

**"ദൈവമാതാവിനെ സ്വന്തമാക്കുന്നതിലൂടെ ദൈവത്തെ സ്വന്തമാക്കിയ മഹാവിശുദ്ധനാണ് വി. യൗസേപ്പിതാവ്."**